പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1748 21/01/2014- ൽ മറുപടിക്ക്

കുളമ്പുരോഗ നിയന്ത്രണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഇ.കെ. വിജയൻ: | ശ്രീ. കെ.പി. മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) കുളമ്പുരോഗനിയന്ത്രണത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | എ) കുളമ്പുരോഗ നിയന്ത്രണത്തിനായി 2003 മുതൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ കേന്ദ്രസർക്കാരിന്റെ FMDCP പദ്ധതി നിലവിലുണ്ട്. ഈ പദ്ധതി പ്രകാരം ആറു മാസത്തിലൊരിക്കൽ കുളമ്പുരോഗ പ്രതിരോധ കുത്തിവെയ്പ്പ് നടത്തിവരുന്നു. 2004 മുതൽ ദേശീയ ക്ഷീര വികസന ബോർഡിന്റെ സാമ്പത്തിക സഹായത്തോടെ മറ്റ് 11 ജില്ലകളിൽ കുളമ്പുരോഗ പ്രതിരോധ കുത്തിവെയ്പ്പ് (ഗോരക്ഷ പദ്ധതി) തുടർന്ന് വന്നു. 2010 ൽ NDDB യുടെ പദ്ധതി അവസാനിക്കുകയും കേന്ദ്ര സർക്കാർ FMDCP പദ്ധതി 11 ജില്ലകളിൽ കൂടി വ്യാപിപ്പിക്കുകയും ചെയ്തു. 2010 മുതൽ സംസ്ഥാനത്തെ 14 ജില്ലകളിലും കേന്ദ്രസർക്കാരിന്റെ FMDCP പദ്ധതിയാണ് തുടർന്ന് വരുന്നത്. ഈ പദ്ധതിയനുസരിച്ച് 6 മാസത്തിലൊരിക്കൽ പശു, എരുമ, പന്നി എന്നീ ഉരുക്കളെ കുളമ്പുരോഗ |

പ്രതിരോധകുത്തിവെയ്പ്പിന് വിധേയമാക്കുന്നു. മൃഗസംരക്ഷണ വകുപ്പിലെ വാക്സിനേഷൻ സ്ക്വാഡുകൾ കർഷകരുടെ വീടുകളിലെത്തി ഉരുക്കളെ കുത്തിവയ്ക്കുന്നു.

ബി) കുളമ്പുരോഗം പടർന്നു പിടിക്കുന്ന സാഹചര്യത്തിൽ അറവുമൃഗങ്ങളിൽ രോഗപ്പകർച്ചയില്ലായെന്ന് ഉറപ്പു വരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കാമോ?

ബി) കുളമ്പുരോഗത്തെ തുടർന്ന് മൃഗസംരക്ഷണ വകുപ്പിന്റെ ചെക്ക്പോസ്റ്റുകൾ അടച്ചിടുകയും അതുവഴിയുള്ള രോഗം ബാധിച്ച കാലികളുടെ കടത്ത് നിരോധിക്കുകയും ചെയ്തു. കൂടാതെ സംസ്ഥാനത്തെ കാലിചന്തകൾ, അറവുശാലയിലേക്കുള്ള കന്നുകാലി വരവ് എന്നിവയും നിരോധിച്ച് ഉത്തരവിറക്കിയിരുന്നു. 9/1/2014 വ്യാഴാഴ്ച വൈകിട്ട് 3 മണിമുതൽ കർശനമായ പരിശോധനക്ക് വിധേയമായി കേരളത്തിലെ തിരഞ്ഞെടുത്ത 5 ചെക്ക് പോസ്റ്റുകൾ കന്നുകാലികളെ കേരളത്തിലേക്ക് കൊണ്ട് വരുന്നതിന് തുറന്നുകൊടുത്തു. പാലക്കാട് ജില്ലയിലെ മുതലമട, വാളയാർ, ഇടുക്കി ജില്ലയിലെ കുമളി, കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം (കുഞ്ചത്തൂർ), തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല എന്നീ അഞ്ച് ചെക്ക്പോസ്റ്റുകളിൽ കൂടി കാലികടത്തൽ അനുവദിച്ചിട്ടുണ്ട്. മൃഗ സംരക്ഷണ വകുപ്പിലെ 5 അഡീഷണൽ ഡയറക്ടർമാരുടെ നേരിട്ടുള്ള നിരീക്ഷണം ഈ ചെക്ക്പോസ്റ്റുകളിൽ ഉറപ്പു വരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ